മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, കേരളം
Chief Electoral Officer, Kerala

# വോട്ട്
ജനാധിപത്യത്തിന് ഒരു

വോട്ട് VOTE

SVEEP

April 2025

Volume-1




ദേശീയ വോട്ടർ ദിന പരിപാടിയിൽ ഗവർണർ ശ്രീ.രാജേന്ദ്ര ആർലേക്കർ മികച്ച ഇ.എൽ.സികൾക്കുള്ള പുരസ്കാരങ്ങൾ സമ്മാനിക്കുന്നു ,ചീഫ് സെക്രട്ടറി ശ്രീമതി ശാരദ മുരളീധരൻ ഐ.എ.എസ് സമീപം.

---

# മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ സന്ദേശം

പ്രിയ വോട്ടർമാരെ,

കേരള മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം പുറത്തിറക്കുന്ന ന്യൂസ് ലെറ്റർ 'വോട്ടി'ന്റെ ആദ്യ പതിപ്പ് നിങ്ങളിലേക്ക് ഏറെ സന്തോഷത്തോടെയും അഭിമാനത്തോടെയുമാണ് എത്തിക്കുന്നത്. ജനാധിപത്യത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും തിരഞ്ഞെടുപ്പ് പ്രക്രിയ കൂടുതൽ സുതാര്യവും ജനകീയവുമാക്കുന്നതിനും നിരവധി പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടന്നുവരുന്നത്. അതിന്റെ തുടർച്ചയാണ് ഈ ഇലക്ട്രോണിക് ന്യൂസ് ലെറ്റർ. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർമാർ അറിയേണ്ടതായ വിവരങ്ങൾ, തിരഞ്ഞെടുപ്പ് ബോധവത്ക്കരണവുമായി ബന്ധപ്പെട്ട മികച്ച പ്രവർത്തന മാതൃകകൾ, നവീന ഇടപെടലുകൾ, ഉദ്യോഗസ്ഥരുടെ പരിശ്രമങ്ങൾ തുടങ്ങിയവ നിങ്ങളിലെത്തിക്കാനാണ് ഇതിലൂടെ ശ്രമിക്കുന്നത്. നിങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഈ മാസികയെ കൂടുതൽ സമ്പന്നമാക്കും. ഓരോ വായനക്കാരെയും തിരഞ്ഞെടുപ്പ് പ്രക്രിയയുടെ പങ്കാളികളായാണ് ഞങ്ങൾ കാണുന്നത്. ഇത് കേരളത്തിലെ തിരഞ്ഞെടുപ്പ് സംവിധാനത്തിന് പുതിയ ഊർജ്ജം നൽകുമെന്നാണ് പ്രതീക്ഷ. ജനാധിപത്യത്തിന്റെ മികവിനുവേണ്ടിയും സുതാര്യമായ തിരഞ്ഞെടുപ്പുകൾക്ക് വേണ്ടിയും ഒന്നിച്ച് കൈകോർക്കാം.




ആശംസകളോടെ,

ഡോ. രത്തൻ യു. ഖേൽക്കർ ഐ.എ.എസ്

മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, കേരളം



# ശ്രീ. ഗ്യാനേഷ് കുമാർ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറായി ചുമതലയേറ്റു

ഇന്ത്യയുടെ 26ാമത് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറായി ശ്രീ ഗ്യാനേഷ് കുമാർ 2025 ഫെബ്രുവരി 19ന് ചുമതലയേറ്റു. ചുമതലയേറ്റ ശേഷം, രാഷ്ട്രനിർമാണത്തിൽ വോട്ടിന്റെ പ്രാധാന്യം ഓർമിപ്പിക്കുകയും 18 വയസ്സ് തികഞ്ഞ എല്ലാ പൗരന്മാരും തീർച്ചയായും വോട്ട് ചെയ്യണമെന്ന സന്ദേശം നൽകുകയും ചെയ്തു. ഇന്ത്യൻ ഭരണഘടനയും തിരഞ്ഞെടുപ്പ് നിയമങ്ങളും അനുസരിച്ച്, തിരഞ്ഞെടുപ്പ് കമ്മീഷൻ എന്നും വോട്ടർമാരുടെ ഒപ്പമുണ്ടാകുമെന്നും അദ്ദേഹം ഉറപ്പു നൽകി. 2024 മാർച്ച് 15ന് തിരഞ്ഞെടുപ്പ് കമ്മീഷണറായി ചുമതലയേറ്റ ശേഷം അദ്ദേഹത്തിന്റെ പ്രവർത്തന കാലയളവിൽ 18ാമത് ലോക്സഭാ തിരഞ്ഞെടുപ്പും, ജമ്മു കാശ്മീർ, ഹരിയാണ, മഹാരാഷ്ട്ര, ജാർഖണ്ഡ്, ഡൽഹി എന്നിവിടങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പുകളും നടന്നു. 1988ലെ കേരള



കേഡറിലെ ഐ.എ.എസ് ഉദ്യോഗസ്ഥനായ അദ്ദേഹം, കേന്ദ്ര, സംസ്ഥാന സർക്കാറുകളിൽ പ്രധാനപ്പെട്ട വിവിധ ചുമതലകൾ വഹിച്ചിട്ടുണ്ട്.

## ചരിത്ര ജാലകം

### ഇന്ത്യൻ ജനാധിപത്യ ചരിത്രത്തിലെ ആദ്യ വോട്ടർ

1951 ഒക്ടോബർ 25 ന് ഹിമാചൽ പ്രദേശിലെ ചിനിയിൽ ശ്യാം ശരൺ നേഗി ഇന്ത്യൻ ജനാധിപത്യ ചരിത്രത്തിലെ ആദ്യ വോട്ട് രേഖപ്പെടുത്തി. മറ്റെല്ലായിടത്തും 1952 ഫെബ്രുവരിയിൽ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ടെങ്കിലും ഫെബ്രുവരിയെത്തുന്നതോടെ ഹിമാചൽ അതിശൈത്യത്തിൽ വീണുപോകുമെന്നതിനാൽ അവിടെ തിരഞ്ഞെടുപ്പ് നേരത്തെയാക്കി. ആദ്യ തിരഞ്ഞെടുപ്പിൽ തിരഞ്ഞെടുപ്പു ഉദ്യോഗസ്ഥനായിരുന്ന നേഗി ഡ്യൂട്ടിക്ക് പോകേണ്ടതിനാൽ ആദ്യ വോട്ട് ചെയ്തു. രാജ്യത്ത് ആദ്യമായി വോട്ട് ചെയ്തവർ എന്ന ചരിത്രം നേഗി ഉൾപ്പെട്ട ഹിമാചൽ ജനതയ്ക്കു സ്വന്തമായി. ടിബറ്റിലെ പഞ്ചൻ ലാമയുടെ അനുയായികളായിരുന്നു അവർ. നേഗി എന്ന സാധാരണക്കാരൻ ഈ രാജ്യം ഭരിക്കേണ്ടത് ആരെന്ന് നിർണയിക്കാൻ ആദ്യം മഷി പുരട്ടിയ വിപ്ലവ കഥയുടെ പേരാണ് ഇന്ത്യൻ ജനാധിപത്യം. അദ്ദേഹം നൂറ്റി അഞ്ചാം വയസുവരെ (2022 നവംബർ 5) നമുക്കൊപ്പം ജീവിച്ചു. 2007ൽ ഹിമാചൽ പ്രദേശിലെ അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന മനീഷ് നന്ദ, കിന്നൗർ മേഖലയിലുള്ള തൊണ്ണൂറു വയസു കഴിഞ്ഞവരുടെ ഫോട്ടോയടങ്ങിയ വോട്ടർപട്ടിക കണ്ടതോടെ നടത്തിയ അന്വേഷണത്തിലാണ് നേഗിയുടെ ചരിത്രം ഔദ്യോഗികമായി കണ്ടെത്തിയത്. ഇതിന്റെ തുടർച്ചയായി കിന്നൗർ ഡെപ്യൂട്ടി കമ്മീഷണർ സുധ ദേവി, നേഗിയെ സന്ദർശിച്ച് ആദ്യ തിരഞ്ഞെടുപ്പിലെ ആദ്യ വോട്ട് മുതൽ, ജീവിതത്തിൽ ഇതുവരെ വോട്ടവകാശം നഷ്ടപ്പെടുത്താത്ത കാര്യങ്ങൾ വരെ ചോദിച്ചറിഞ്ഞു. പഴയ രേഖകളും ഫയലുകളും പരിശോധിച്ച്, തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിന് ഔദ്യോഗിക അംഗീകാരവും നൽകി.

# മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാരുടെ (സി.ഇ.ഒ) സമ്മേളനം









ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ നേതൃത്വത്തിൽ മുഴുവൻ സംസ്ഥാനങ്ങളിലെയും/കേന്ദ്രഭരണ പ്രദേശങ്ങളിലെയും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാരുടെ (സി. ഇ. ഒ) രണ്ടുദിവസത്തെ സമ്മേളനം ഡൽഹി ഇന്ത്യ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെമോക്രസി ആൻഡ് ഇലക്ഷൻ മാനേജ്മെന്റിൽ (ഐ. ഐ. ഐ. ഡി. ഇ. എം.) നടന്നു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ (CEC) ശ്രീ ഗ്യാനേഷ് കുമാർ, തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗങ്ങളായ ഡോ. സുഖ്ബീർ സിംഗ് സന്ധു, ഡോ. വിവേക് ജോഷി എന്നിവർ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാരുമായി വിവിധ വിഷയങ്ങളിൽ ആശയവിനിമയം നടത്തി. സുതാര്യമായ പ്രവർത്തനങ്ങൾ നടത്തണമെന്നും, രാഷ്ട്രീയ പാർട്ടികളുമായി നിരന്തര ചർച്ചകൾ നടത്തണമെന്നും മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

# സുപ്രധാനമായ മൂന്ന് പുതിയ പരിഷ്ക്കാരങ്ങളുമായി തിരഞ്ഞെടുപ്പ് കമ്മീഷൻ

വോട്ടർ പട്ടികയുടെ കൃത്യത മെച്ചപ്പെടുത്താനും വോട്ടെടുപ്പ് കൂടുതൽ സുഗമമാക്കാനുമുള്ള പുതിയ നടപടികൾ തിരഞ്ഞെടുപ്പ് കമ്മീഷൻ നടപ്പിലാക്കുന്നു. ഇനി മുതൽ ഇന്ത്യയുടെ രജിസ്ട്രാർ ജനറലിൽ നിന്ന് ഇലക്ട്രോണിക് മാർഗം മരണ രജിസ്ട്രേഷൻ ഡാറ്റ തിരഞ്ഞെടുപ്പ് കമ്മീഷന് ലഭ്യമാക്കും. ഇതിലൂടെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കു മരണം രജിസ്റ്റർ ചെയ്ത വിവരം സമയബന്ധിതമായി ലഭ്യമാകും. അതോടൊപ്പം,ഫോം 7 വഴി ഔദ്യോഗിക അപേക്ഷ വരാനായി കാത്തിരിക്കാതെ, വീടുകൾ സന്ദർശിച്ച് വിവരങ്ങൾ സ്ഥിരീകരിക്കാൻ ബി.എൽ.ഓ മാർക്ക് സാധിക്കും. ബി.എൽ.ഓ മാർക്കും സ്റ്റാൻഡേർഡ് ഫോട്ടോ ഐഡന്റിറ്റി കാർഡുകൾ നൽകാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. വോട്ടർമാർക്ക് ബി.എൽ. ഓ മാരെ തിരിച്ചറിയാനും, വോട്ടർ രജിസ്ട്രേഷൻ ഡ്രൈവുകൾക്കിടയിൽ വിശ്വാസത്തോടെ ഇടപെടാനും ഇത് സഹായിക്കും. വോട്ടർ ഇൻഫർമേഷൻ സ്ലിപ്പുകൾ കൂടുതൽ വോട്ടർമാർ സൗഹൃദമാക്കുന്നതിനായി അതിന്റെ ഡിസൈൻ പുതുക്കാനും കമ്മീഷൻ തീരുമാനിച്ചിരിക്കുന്നു. വോട്ടറുടെ പാർട്ട് നമ്പറും, സീരിയൽ നമ്പറും വലിയ അക്ഷരത്തിൽ ഡിസ്പ്ലേ ചെയ്യുന്നതിലൂടെ വോട്ടർമാർക്ക് തങ്ങളുടെ പോളിംഗ് സ്റ്റേഷൻ തിരിച്ചറിയാനും, പോളിംഗ് ഉദ്യോഗസ്ഥർക്ക് വോട്ടർ പട്ടികയിൽ പേരുകൾ എളുപ്പത്തിൽ കണ്ടെത്താനുമാകും.

# തിരഞ്ഞെടുപ്പ് സംബന്ധമായതെല്ലാം ഒരിടത്ത്; തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോം വരുന്നു

ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ വോട്ടർമാർക്കും മറ്റ് തിരഞ്ഞെടുപ്പ് പങ്കാളികൾക്കും വേണ്ടിയുള്ള പുതിയ ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമായ ECINET ഉടൻ അവതരിപ്പിക്കും. നിലവിലുള്ള 40ലധികം മൊബൈൽ ആപ്പുകളും വെബ് ആപ്പുകളും സംയോജിപ്പിച്ചാണ് പുതിയ പ്ലാറ്റ്ഫോം . ഇതിലൂടെ വോട്ടർമാർക്ക് തിരഞ്ഞെടുപ്പ് സംബന്ധിച്ച വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനും ഉദ്യോഗസ്ഥർക്ക് ഡാറ്റ കൈകാര്യം ചെയ്യാനും കഴിയും. ഒരു പ്ലാറ്റ്ഫോമിലൂടെ എല്ലാ സേവനങ്ങളും ലഭ്യമാക്കി, പലതരം ആപ്പുകൾ ഉപയോഗിക്കുന്നതിൽ നിന്നുള്ള ബുദ്ധിമുട്ട് ഒഴിവാക്കുക എന്നതാണ് ECINETന്റെ പിന്നിലുള്ള പ്രധാന ലക്ഷ്യം. 2025 മാർച്ചിൽ നടന്ന ചീഫ് ഇലക്ടറൽ ഓഫീസർമാരുടെ സമ്മേളനത്തിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ശ്രീ. ഗ്യാനേഷ് കുമാർ ആണ് ഈ ആശയം അവതരിപ്പിച്ചത്. ECINET ന്റെ വികസനം അവസാനഘട്ടത്തിലാണ്. സുഗമമായ പ്രവർത്തനം, ഉപയോഗിക്കാനുള്ള എളുപ്പം, ശക്തമായ സൈബർ സുരക്ഷാ നടപടികൾ എന്നിവ ഉറപ്പാക്കാൻ കർശന പരിശോധനകളും നടത്തുന്നുണ്ട്.

# ജനാധിപത്യത്തിന്റെ വിളംബരമായി ദേശീയ വോട്ടർദിന പരിപാടികൾ




വോട്ടർ ദിന പരിപാടിയിൽ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു. ഖേൽകർ ഐ എ എസ് സംസാരിക്കുന്നു. ഗവർണർ ശ്രീ.രാജേന്ദ്ര ആർലേക്കർ, ചീഫ് സെക്രട്ടറി ശ്രീമതി ശാരദ മുരളീധരൻ ഐ എ എസ്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ശ്രീ. എ.ഷാജഹാൻ ഐ.എ.എസ് (റിട്ട.),തിരുവനന്തപുരം കലക്ടർ ശ്രീമതി അനു കുമാരി ഐ എ എസ് എന്നിവർ സമീപം.

**ജനുവരി 25, 2025ന് കേരളത്തിൽ ദേശീയ വോട്ടർ ദിനം വിപുലമായ ആഘോഷങ്ങളോടെ സംഘടിപ്പിച്ചു. വോട്ടിംഗ് അവബോധം വർദ്ധിപ്പിച്ച് ജനാധിപത്യത്തിലെ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ, വിവിധ പരിപാടികൾ നടത്തുകയും സമൂഹ മാധ്യമങ്ങളിലൂടെ പ്രചാരണം വിപുലീകരിക്കുകയും ചെയ്തു.**

**തിരഞ്ഞെടുപ്പ് പ്രക്രിയയെ കൂടുതൽ സുതാര്യമാക്കുന്നതിനും ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും പ്രവർത്തിച്ച വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പുരസ്കാരങ്ങൾ നൽകി ആദരിച്ചു. വോട്ടിംഗ് അവബോധം വർദ്ധിപ്പിക്കുന്നതിനുള്ളവരുടെ സംഭാവനകൾക്ക് നൽകിയ ഈ അംഗീകാരം തിരഞ്ഞെടുപ്പ് കമ്മീഷന്റെ ജനാധിപത്യ ബോധവൽക്കരണ ശ്രമങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിൽ നിർണായകമായി. വോട്ടർ ദിനത്തിന് മുന്നോടിയായി, ജനുവരി 21ന്, സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കാൻഡിൽ ലൈറ്റ് മാർച്ച് സംഘടിപ്പിച്ചു. ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കാനുള്ള ജനങ്ങളുടെ പ്രതിജ്ഞയും മാർച്ചിന്റെ ഭാഗമായി ഉായി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന ഈ മാർച്ചുകൾ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ വിശ്വാസ്യതയും ജനകീയ പങ്കാളിത്തത്തിന്റെ പ്രാധാന്യവും ഊട്ടിയുറപ്പിക്കുകയായിരുന്നു.**



ഗവർണർ ശ്രീ.രാജേന്ദ്ര ആർലേക്കർ, വോട്ടർ ദിനത്തോടനുബന്ധിച്ച് നടത്തിയ ഫോട്ടോ പ്രദർശനം കാണുന്നു.

**ദിനാചരണത്തിന്റെ ഭാഗമായി, പബ്ലിക് റിലേഷൻസ് വകുപ്പുമായി ചേർന്ന് തെരഞ്ഞെടുപ്പ് ചരിത്രത്തിലെ അപൂർവ്വ നിമിഷങ്ങൾ പ്രദർശിപ്പിച്ച ഫോട്ടോ പ്രദർശനവും സംഘടിപ്പിച്ചു. ബഹു.കേരള ഗവർണർ ശ്രീ രാജേന്ദ്ര ആർലേക്കർ ഉദ്ഘാടനം ചെയ്ത ഈ പ്രദർശനം, കേരളത്തിലെ ജനാധിപത്യ പരമ്പര്യത്തിന്റെ അപൂർവ നിമിഷങ്ങൾ ആവിഷ്കരിക്കുന്നതായിരുന്നു. മുൻമുഖ്യമന്ത്രിമാർ വോട്ട് ചെയ്യുന്ന ദൃശ്യങ്ങൾ, പഴയകാല വോട്ടെടുപ്പ് രീതികൾ, വോട്ടെടുപ്പിൽ ജനങ്ങളുടെ ഏർപ്പെടലിനെ ഹൃദയസ്പർശിയായി അവതരിപ്പിക്കുന്ന ചിത്രങ്ങൾ എന്നിവ പ്രദർശനത്തിലെ പ്രധാന ആകർഷണങ്ങളായിരുന്നു. വോട്ടിന്റെ പ്രാധാന്യം ജനങ്ങളിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ ഈ പ്രദർശനം ജനാധിപത്യ ബോധവൽക്കരണത്തിൽ നിർണായക പങ്ക് വഹിക്കും. വോട്ടിന്റെ ശക്തിയും ജനാധിപത്യത്തിന്റെ മഹത്വവും പ്രതിഫലിപ്പിക്കുന്നതായ ഒരു തീം സോങും പുറത്തിറക്കി. കൂടാതെ, വോട്ടിംഗിന്റെ പ്രാധാന്യം യുവജനങ്ങളിൽ കൂടുതൽ എത്തിക്കാൻ ക്വിസ് മത്സരങ്ങൾ, പ്രസംഗ മത്സരങ്ങൾ, റീൽ മേക്കിങ് മത്സരം എന്നിവ വിവിധ സ്ഥാപനങ്ങളിലും ഓൺലൈനിലും സംഘടിപ്പിച്ചു.**

## മികച്ച ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർക്കുള്ള(ഡി. ഇ. ഒ) പുരസ്കാര വിതരണം









## ജനാധിപത്യത്തിന്റെ കാവലാളുകളെ ദേശീയ വോട്ടർ ദിനത്തിന്റെ ഭാഗമായി ആദരിക്കുന്നു



## മികച്ച ഇ.എൽ.സികൾക്കും, ഇ.എൽ.സി കോഡിനേറ്റർമാർക്കുമുള്ള പുരസ്കാര വിതരണം.









## മികച്ച ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്കും(ഇ.ആർ.ഒ), അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കുമുള്ള പുരസ്കാര വിതരണം







## മികച്ച ബൂത്ത് ലെവൽ ഓഫീസർമാർക്കുള്ള (ബി.എൽ.ഒ) പുരസ്കാര വിതരണം
























വോട്ടർ ദിനത്തോടനുബന്ധിച്ച് വിവിധ ജില്ലകളിൽ നടത്തിയ കാൻഡിൽ ലൈറ്റ് മാർച്ചുകൾ

# ആയിരക്കണക്കിന് ഉറച്ച സ്ത്രീ ശബ്ദങ്ങൾ ; 1000 വുമൺ ചലഞ്ച്

അന്തരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് നടത്തിയ '1000 വുമൺ ചലഞ്ച്' പരിപാടിക്ക് മികച്ച പ്രതികരണമാണ് ലഭിച്ചത്. ഐ.എ.എസ് ഉദ്യോഗസ്ഥർ,സിനിമ താരങ്ങൾ, ഐടി ജീവനക്കാർ,വിദ്യാർഥികൾ,വീട്ടമ്മമാർ എന്നിങ്ങനെ വിവിധ തുറകളിലുള്ളവർ '1000 വുമൺ ചലഞ്ച് ആവേശത്തോടെ ഏറ്റെടുത്തു. ചലഞ്ചിൽ പങ്കെടുത്തവരുടെ വീഡിയോകൾ കോർത്തിണക്കി തയ്യാറാക്കിയ ഷോർട്ട് വീഡിയോ മാർച്ച് 7ന്, മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ ഐ. എ. എസിന്റെ സാന്നിധ്യത്തിൽ തിരുവനന്തപുരം എം ജി കോളേജിലെ വിദ്യാർത്ഥികളായ ശീതൾ ബി എസ്, കമലാകൃഷ്ണ ഡി എസ് എന്നിവർ ചേർന്ന് പ്രകാശനം ചെയ്തു. അഡിഷണൽ സി. ഇ. ഒ, ശർമിള സി, എം. ജി. കോളേജിലെ അദ്ധ്യാപകരായ ഡോ. രാഹുൽ എസ്, ഡോ. ദീപ വി, ഡോ. രശ്മി രഘുനന്ദൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. പ്രതീക്ഷിച്ചതിലുമധികം പ്രതികരണങ്ങൾ ലഭിച്ചതോടെ മൂന്ന് ഭാഗങ്ങളയാണ് വീഡിയോ പുറത്തിറക്കിയത്.



'1000 വുമൺ ചലഞ്ചിൽ' പങ്കെടുത്തവരുടെ വീഡിയോകൾ കോർത്തിണക്കി തയ്യാറാക്കിയ ഷോർട്ട് വീഡിയോ, മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ ഐ. എ. എസിന്റെ സാന്നിധ്യത്തിൽ തിരുവനന്തപുരം എം ജി കോളേജിലെ വിദ്യാർത്ഥികളായ ശീതൾ ബി എസ്, കമലാകൃഷ്ണ ഡി എസ് എന്നിവർ ചേർന്ന് പ്രകാശനം ചെയ്യുന്നു

# വനിതാ വോട്ടർമാർക്കായി 'ഷീ വോട്ട്സ്' തിരഞ്ഞെടുപ്പ് അവബോധ ക്യാമ്പയിൻ

വനിതാ വോട്ടർമാർക്കായി കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹകരണത്തോടെ 21 ദിവസം നീണ്ടു നിൽക്കുന്ന 'ഷീ വോട്ട്സ്' തിരഞ്ഞെടുപ്പ് അവബോധ ക്യാമ്പയിൻ സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ സ്ഥാപനങ്ങളിൽ, സ്ത്രീകളെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും ജനാധിപത്യത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായാണ് ക്യാമ്പയിൻ സംഘടിപ്പിച്ചത്. പരിപാടിയുടെ ഭാഗമായി വോട്ടർ രജിസ്ട്രേഷൻ ഡ്രൈവുകൾ, അവബോധ പരിപാടികൾ, സൃഷ്ടിപരമായ മത്സരങ്ങൾ എന്നിവ നടത്തി. സ്ത്രീകളുടെ ജനാധിപത്യാവകാശ ബോധവൽക്കരണത്തിനും, വോട്ടർമാരായി രജിസ്റ്റർ ചെയ്യാൻ അവരെ



പ്രേരിപ്പിക്കാനുമാണ് ഈ ക്യാമ്പയിന്റെ ലക്ഷ്യമിട്ടത്. ക്യാമ്പയിന്റെ ഭാഗമായി വനിതകളെ പങ്കെടുപ്പിച്ച് വിവിധ കോളേജുകളിൽ 'ഭാരതത്തിൽ വോട്ടിംഗ് നിർബന്ധമാക്കണമോ?' എന്ന വിഷയത്തെ ആസ്പദമാക്കി സംവാദ മത്സരങ്ങളും സംഘടിപ്പിച്ചു.

# വനിതാ വോട്ടർമാരുടെ ശാക്തീകരണം ലക്ഷ്യമിട്ട്

## അന്തരാഷ്ട്ര വനിതാദിനാഘോഷം





മാർച്ച് 8 അന്തരാഷ്ട്ര വനിതാദിനത്തിൽ 'വനിതാ ശാക്തീകരണം, ജനാധിപത്യ ശാക്തീകരണം' എന്ന പ്രമേയവുമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. തിരഞ്ഞെടുപ്പ് പ്രക്രിയയിൽ സ്ത്രീകളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനായുള്ള പ്രചാരണ പരിപാടികളുടെ ഭാഗമായാണിത്. ശനിയാഴ്ച വൈകുന്നേരം 5 മണിക്ക് വനിതകൾ മാത്രം പങ്കെടുത്ത ബൈക്ക് റാലി കവടിയാർ ഗോൾഫ് ക്ലബിൽ ടൂറിസം ഡയറക്ടർ ശിഖ സുരേന്ദ്രൻ ഐ.എ.എ സ് ഫ്ളാഗ് ഓഫ് ചെയ്തു. ബൈക്ക് റാലിക്ക് പിന്നാലെ മനവീയം വീഥിയിൽ വിദ്യാർത്ഥിനികൾ അവതരിപ്പിച്ച ഫ്ളാഷ്മോബ്, അയോദ്ധന കലകളുടെ അവതരണം എന്നവയും അരങ്ങേറി. 7 മണിക്ക് സ്ത്രീ ശക്തീകരണത്തിന്റെയും തിരഞ്ഞെടുപ്പ് പ്രക്രിയയുടെയും പ്രാധാന്യം വ്യക്തമാക്കിയ തെരുവ് നാടകവും മനവീയം വീഥിയിൽ അവതരിപ്പിച്ചു.

# ആറ്റുകാൽ പൊങ്കാലയ്ക്ക് എത്തിയവർക്ക് സൗജന്യമായി വിശറി വിതരണം

ആറ്റുകാൽ പൊങ്കാലയ്ക്ക് എത്തിയ ഭക്തജനങ്ങൾക്ക്, വോട്ട് ചെയ്യുന്നതിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കുന്ന സന്ദേശമടങ്ങിയ വിശറികൾ സൗജന്യമായി വിതരണം ചെയ്തു. ' വോട്ട് ചെയ്യുന്നതുപോലെ മഹത്തരം മറ്റൊന്നുമില്ല. ഞാൻ തീർച്ചയായും വോട്ടുചെയ്യും.' എന്ന സന്ദേശം ഉൾപ്പെടുത്തിയ വിശറികളാണ് ആറ്റുകാൽ അമ്പലത്തിന്റെ പരിസരത്ത് വിതരണം ചെയ്തത്.

കേരള ബാങ്കുമായി സഹകരിച്ച് നടപ്പാക്കിയ പദ്ധതി, വോട്ടെടുപ്പിൽ പങ്കാളിയാകേണ്ടതിന്റ പ്രാധാന്യം ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വേണ്ടിയുള്ള വിവിധ പ്രചാരണ പരിപാടികളുടെ തുടർച്ചയായിരുന്നു. ചുട്ടുപൊള്ളുന്ന ചൂടിൽ പൊങ്കാലയിടുന്നവർക്ക് ആശ്വാസമേകിയതിനോടൊപ്പം വിശറിയിലെ സന്ദേശം വീടുകളിലേക്ക് കൂടി എത്തിക്കാനും ഇതുവഴി കഴിഞ്ഞു.





# ആദിവാസി ഊരുകൾ ഇനി സമ്പൂർണ വോട്ടർ ഉന്നതികൾ






കേരളത്തിലെ എല്ലാ ആദിവാസി ഊരുകളിലും 18 വയസ്സിനുമേൽ പ്രായമുള്ളവരെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനും, വരും തിരഞ്ഞെടുപ്പുകളിൽ സമ്പൂർണ പോളിംഗ് ഉറപ്പാക്കാനും സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം ലക്ഷ്യമിടുന്നു. അട്ടപ്പാടിയിലെ വിദൂര പ്രാക്തന ഗോത്ര ഊരായ ഗൊട്ടിയാർക്കണ്ടി ഊരിൽ 18 വയസ്സ് പൂർത്തിയായ മുഴുവൻ ആളുകളെയും കണ്ടെത്തി വോട്ടർ രജിസ്ട്രേഷൻ പൂർത്തിയാക്കിയതോടെ സംസ്ഥാനത്ത്, 7 ആദിവാസി ഊരുകളിൽ 18 വയസ്സ് കഴിഞ്ഞ മുഴുവൻ പേരെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനായി. പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിലാണ് അട്ടപ്പാടിയിലെ ഏഴ് പ്രാക്തന ഗോത്ര ഊരുകളെ ദത്തെടുത്ത് അവയെ സമ്പൂർണ വോട്ടർ ഉന്നതികളാക്കി മാറ്റിയത്. അഗളി ഐ. എച്ച്. ആർ. ഡി കോളേജിലെ ഇലക്ടറൽ ലിറ്ററസി ക്ലബ്ബിന്റെ (ഇ.എൽ.സി.) നേതൃത്വത്തിലാണ് ഈ ചരിത്ര ദൗത്യം പൂർത്തിയാക്കിയത്. മേലെ മൂലക്കൊമ്പ്, ഇടവാണി, മേലെ ഭൂതയാർ, മേലെ തുടുക്കി, ഗലസി, താഴെ തുടുക്കി, ഗോട്ടിയാർക്കണ്ടി എന്നീ പ്രാക്തന ഗോത്ര ഊരുകളിലെ 18 വയസ്സിനുമേൽ പ്രായമുള്ള മുഴുവൻ ആളുകളെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തിയതാണ് ഇതിന്റെ പ്രധാന നേട്ടം. ഇതോടെ കേരളത്തിലെ ആദ്യ സമ്പൂർണ പ്രാക്തന ഗോത്ര വോട്ടർ ഊരായി മേലെ മൂലക്കൊമ്പ് മാറി.

വോളണ്ടിയർമാർ ഏഴ് മണിക്കൂറോളം കൽനടയായി യാത്ര ചെയ്ത് മേലെ തുടുക്കിയിലെത്തി രാത്രി ക്യാമ്പ് ചെയ്താണ് വോട്ടർ രജിസ്ട്രേഷൻ പൂർത്തിയാക്കിയത്. ഊരുകളിൽ മാതൃഭാഷയായ കുറുമ്പ ഭാഷയിൽ തിരഞ്ഞെടുപ്പ് അവബോധന പരിപാടിയായ 'ചുനാവ് പാഠശാല' യും സംഘടിപ്പിച്ചു. വോട്ടർ പട്ടിക അപ്ഡേഷൻ, തെറ്റുതിരുത്തൽ, അഡ്രസ്സ് മാറ്റം തുടങ്ങിയ സേവനങ്ങളും ഊരുകളിൽ നേരിട്ട് എത്തി പൂർത്തീകരിക്കാനായത് നേട്ടമായി. അട്ടപ്പാടി ഊരുകളിലെ ആയിരക്കണക്കിന് ആളുകളെ വോട്ടർ പട്ടികയിൽ ചേർക്കാൻ ഈ പ്രവർത്തനങ്ങൾ വഴി കഴിഞ്ഞു. ഇതിൽ 2141 പേർ പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങളിൽപ്പെടുന്ന ഇരുളർ, കാടർ എന്നി ആദിവാസി വിഭാഗങ്ങളാണ്.




കൂടുതൽ ആദിവാസി സമുദായങ്ങളിൽ ജനാധിപത്യ ബോധം വളർത്തിയെടുക്കാനും പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളെ കൂടാതെ ആദിവാസി ഊരുകളിലെ ജനങ്ങളുടെ ഉന്നമനത്തിനായുള്ള മറ്റു കർമപദ്ധതികളും ഇ.എൽ.സി. കളുടെ നേതൃത്വത്തിൽ നടത്തിവരുന്നു. ഊരുകളിലെ ജനങ്ങളെ ജനാധിപത്യത്തിലേക് കൂടുതൽ ആകർഷിക്കാനും അവരുടെ വോട്ടവകാശം ഉറപ്പാക്കാനും ഇത്തരം പ്രചാരണങ്ങൾ വലിയ സഹായമാകുമെന്ന് ഉദ്യോഗസ്ഥർ വിലയിരുത്തുന്നു.

# യുവജന പങ്കാളിത്ത, തിരഞ്ഞെടുപ്പ് അവബോധ സർവേ

കേരളത്തിലെ യുവജനങ്ങളുടെ തിരഞ്ഞെടുപ്പ് പങ്കാളിത്ത പ്രവണതകളും, അവർക്കിടയിലുണ്ടായേക്കാവുന്ന വെല്ലുവിളികളും മനസിലാക്കുന്നതിനായി യുവജന പങ്കാളിത്ത, തിരഞ്ഞെടുപ്പ് അവബോധ സർവേ നടത്തുന്നു. 18 മുതൽ 30 വയസ്സുവരെ പ്രായമുള്ള യുവജനങ്ങളുടെ അഭിപ്രായങ്ങൾ മനസ്സിലാക്കുകയുംതിരഞ്ഞെടുപ്പ് വിദ്യാഭ്യാസവും ജനകീയ പങ്കാളിത്തവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ രൂപപ്പെടുത്തുകയുമാണ് ഈ സർവേയുടെ പ്രധാന ലക്ഷ്യം.

ഈ സർവേ വഴി, വോട്ടർ രജിസ്ട്രേഷൻ പ്രക്രിയയെക്കുറിച്ചുള്ള അവബോധം, മുൻ തിരഞ്ഞെടുപ്പുകളിൽ യുവജനങ്ങളുടെ പങ്കാളിത്ത നിരക്ക് എന്നിവ വിലയിരുത്തും. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാതിരുന്നതിനുള്ള പ്രധാന കാരണങ്ങൾ, വോട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട വെല്ലുവിളികൾ എന്നിവയും ഈ സർവേയുടെ ഭാഗമായി വിലയിരുത്തും. കൂടാതെ, യുവാക്കളെ വോട്ടിംഗിൽ കൂടുതൽ പങ്കാളികളാക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗങ്ങൾ എന്തൊക്കെയാണെന്ന് മനസിലാക്കാനും, വോട്ടർ അവബോധം വർദ്ധിപ്പിക്കുന്നതിൽ സോഷ്യൽ മീഡിയയുടെ പ്രഭാവം എത്രത്തോളമാണെന്ന് വിലയിരുത്താനും ഈ പഠനം സഹായിക്കും.

# SVEEP നോഡൽ ഓഫീസർമാരുടെ വർക്ക്ഷോപ്പ്

ഡിപ്പാർട്ട്മെന്റ് തല SVEEP നോഡൽ ഓഫീസർമാരുടെ വർക്ക്ഷോപ്പ് ഏപ്രിൽ 2ന് തിരുവനന്തപുരത്ത് നടന്നു. 18 സർക്കാർ വകുപ്പുകൾ നിന്നുള്ള നോഡൽ ഓഫീസർമാർ പരിപാടിയിൽ പങ്കെടുത്തു. വോട്ടർ അവബോധം, തിരഞ്ഞെടുപ്പ് പ്രക്രിയയിലെ ജനപങ്കാളിത്തം, വോട്ടിംഗ് ശതമാനം വർദ്ധിപ്പിക്കൽ എന്നിവയുമായി ബന്ധപ്പെട്ട വെല്ലുവിളികൾ മറികടക്കാനുള്ള നിർദേശങ്ങൾ ചർച്ച ചെയ്തു.





പരിപാടിയുടെ ഭാഗമായി, അഗളി ഐ.എച്ച്.ആർ.ഡി. കോളേജ് ഇലക്ടറൽ ലിറ്ററസി ക്ലബ്ബ് തയ്യാറാക്കിയ ആക്ടിവിറ്റി മാഗസിൻ,'എമ്ത്ത് നാട്ക്ക് എമ്ത്ത് വോട്ട്' പ്രകാശനം ചെയ്തു. കോളേജ് പ്രിൻസിപ്പാൾ എലിസബത്ത് ഫിലിപ്പ്, ഇ.എൽ.സി. ക്യാമ്പസ് നോഡൽ ഓഫീസർ സജിത മൊയ്ദീൻ എന്നിവർ ചേർന്ന് മാഗസിൻ, ചീഫ് ഇലക്ട്രൽ ഓഫീസർ ഡോ. രത്തൻ യു ഖേൽകർ ഐ.എ.എസിന് കൈമാറി. ഇതുവരെ നടന്ന ഐ.എച്ച്.ആർ.ഡി. ഇ എൽ സി പ്രവർത്തനങ്ങളുടെ ഒരു പ്രസന്റേഷൻ ഐ.എച്ച്.ആർ.ഡി. ഇ എൽ സി ക്യാമ്പസ് നോഡൽ ഓഫീസർ സജിത മൊയ്ദീൻ അവതരിപ്പിച്ചു.

# മീറ്റ് ദി സി.ഇ.ഒ. പ്രോഗ്രാം





യുവജനങ്ങളിൽ ഉത്തരവാദിത്തപരമായ വോട്ടിംഗ് സംസ്കാരം വളർത്തിയെടുക്കാനും, ജനാധിപത്യബോധവൽക്കരണവും ലക്ഷ്യമിട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം ആരംഭിക്കുന്ന ക്യാമ്പസ് ഔട്ട്റീച് പരിപാടിക്ക് തുടക്കമായി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഒരു വിദ്യാഭ്യാസസ്ഥാപനത്തിലെങ്കിലും പരിപാടി സംഘടിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഈ സംവാദ പരമ്പരയുടെ ആദ്യഘട്ടം ഏപ്രിൽ 9ന് മലപ്പുറം ശ്രീ വിവേകാനന്ദ പഠന കേന്ദ്രം ആർട്സ് ആൻഡ് സയൻസ് കോളേജിൽ നടന്നു. തങ്ങളുടെ പ്രതികരണങ്ങളും ചോദ്യങ്ങളും ആവേശത്തോടെ പങ്കുവെച്ച് വിദ്യാർത്ഥികൾ സംവാദത്തെ സജീവമാക്കി.

# നിലമ്പൂർ ഉപതിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു.









ആസന്നമായ നിലമ്പൂർ ഉപതിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ വിവിധ തലങ്ങളിൽ അതിവേഗം പുരോഗമിക്കുന്നു. നിയമസഭാ, ജില്ലാ തലങ്ങളിലുള്ള രാഷ്ട്രീയ കക്ഷികളുടെ യോഗങ്ങൾക്കും, ഉദ്യോഗസ്ഥ പരിശോധനകൾക്കും ശേഷം 59 പുതിയ ബൂത്തുകൾ ഉൾപ്പെടെ 263 പോളിംഗ് ബൂത്തുകൾ നിലമ്പൂർ മണ്ഡലത്തിൽ അനുവദിക്കാൻ ധാരണയായി. വോട്ടർമാരുടെ സൗകര്യം കണക്കിലെടുത്ത് നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ ഓരോ പോളിംഗ് ബൂത്തിലെയും വോട്ടർമാരുടെ എണ്ണം 1200 ആയി പരിമിതപ്പെടുത്താനും തീരുമാനിച്ചു. അതിനായി മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി ആക്സിലറി ബൂത്തുകൾക്ക് പകരം പുതിയ സ്ഥിരം പോളിംഗ് ബൂത്തുകൾ സജ്ജീകരിക്കും. പുതുതായി സജ്ജീകരിച്ച ബൂത്തുകളിലേക്ക് നിയമിതാരായ BLOമാർക്കുള്ള പരിശീലനം ഏപ്രിൽ 15ന് നിലമ്പൂർ ബ്ലോക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ നടന്നു. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു. ഖേൽകർ ഐ എ എസ് പരിപാടി ഓൺലൈനായി ഉദ്ഘാടനം ചെയ്തു. നിലമ്പൂർ നിയമസഭ ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി നടക്കുന്ന പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കലിന്റെ ഭാഗമായി കരട് വോട്ടർ പട്ടികയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പട്ടികയിൽ ആകെ 2,28,512 വോട്ടർമാരാണുള്ളത്. അന്തിമ വോട്ടർ പട്ടിക 2025 മെയ് 5ന് പ്രസിദ്ധീകരിക്കും. ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായുള്ള ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു. ഖേൽക്കർ ഐ. എ. എസ്. അസംബ്ലി മണ്ഡലം സന്ദർശിച്ചു. മലപ്പുറം കളക്ടറേറ്റ്,ഇലക്ഷൻ വെയർഹൗസ് എന്നിവടങ്ങളിലും, പുഞ്ചക്കൊല്ലി നഗർ ബൂത്തിലും അദ്ദേഹം സന്ദർശനം നടത്തി. ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായുള്ള ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു. ഖേൽക്കർ ഐ. എ. എസ്. അസംബ്ലി മണ്ഡലം സന്ദർശിച്ചു. മലപ്പുറം കളക്ടറേറ്റ്,ഇലക്ഷൻ വെയർഹൗസ് എന്നിവടങ്ങളിലും, പുഞ്ചക്കൊല്ലി നഗർ ബൂത്തിലും അദ്ദേഹം സന്ദർശനം നടത്തി. നിലമ്പൂരിലെ ബി. എൽ. ഒമാരുടെ യോഗവും സി. ഇ. ഒ യുടെ നേതൃത്വത്തിൽ നടന്നു.

# ഇൻക്ലൂസീവ് ഇലക്ഷൻ പ്രോഗ്രാം

ദേശീയ വോട്ടർ ദിനാഘോഷങ്ങളുടെ ഭാഗമായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം തിരുവനന്തപുരം ഡിഫറന്റ് ആർട്ട് സെന്ററുമായി സഹകരിച്ച് ഇൻക്ലൂസീവ് ഇലക്ഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. എല്ലാവരെയും ഉൾക്കൊള്ളുക എന്നത് ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിൽ നിർണായകപങ്ക് വഹിക്കുന്നു എന്ന സന്ദേശമാണ് ഇതുവഴി നൽകപ്പെട്ടത്.

അതിനൊപ്പം, ശ്രീ ഗോപിനാഥ് മുതുകാട് നയിച്ച 'വീ ദി പീപ്പിൾ' എന്ന തിരഞ്ഞെടുപ്പ് ബോധവത്കരണ പരിപാടിയും തിരുവനന്തപുരം ഗവൺമെന്റ് വുമൺസ് കോളേജിൽ സംഘടിപ്പിച്ചു.

## ഡിഫറൻറ് അർട്ട് സെന്ററിൽ നടന്ന ഇൻക്ലൂസീവ് ഇലക്ഷൻ പ്രോഗ്രാം.














## 'വീ ദി പീപ്പിൾ'
## തിരഞ്ഞെടുപ്പ് ബോധവത്കരണ പരിപാടി








# ട്രാൻസ്ജൻഡേഴ്സ് ഡേ ഓഫ് വിസിബിലിറ്റി ദിനാചരണം

ട്രാൻസ്ജൻഡേഴ്സ് ഡേ ഓഫ് വിസിബിലിറ്റി ദിനാചരണത്തിന്റെ ഭാഗമായി, മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം, സാമൂഹ്യക്ഷേമ വകുപ്പും തിരുവനന്തപുരം ജില്ലാ കളക്ടറേറ്റുമായി സഹകരിച്ച് കനകക്കുന്നിൽ തിരഞ്ഞെടുപ്പ് ബോധവൽക്കരണ പരിപാടി നടത്തി. ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവർക്ക് വോട്ടർ പട്ടികയിൽ പേര് ചേർക്കുക, തിരുത്തൽ വരുത്തുക, എന്നിവയ്ക്കുവേണ്ടി സ്പെഷ്യൽ എൻറോൾമെന്റ് ക്യാമ്പ്, തിരുവനന്തപുരം ജില്ലാ സാമൂഹിക നീതി ഓഫീസിലും ജില്ലയിലെ അഞ്ച് താലൂക്കുകളിലുമായും സംഘടിപ്പിച്ചു. പരിപാടിയുടെ ഭാഗമായി കനകക്കുന്നിൽ ഫ്ളാഷ് മോബ് അവതരണവും നടന്നു.



# കേരളത്തിൽ വോട്ടർപട്ടികയക്ക് എതിരെ പരാതികളില്ല







വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഏർപ്പെടുത്തിയ അപ്പീൽ സമയപരിധി അവസാനിച്ചപ്പോൾ കേരളത്തിൽനിന്ന് പരാതികൾ ഇല്ല. സംസ്ഥാനത്തെ മുഴുവൻ ബൂത്തുകളിലും പ്രസിദ്ധീകരിച്ച വോട്ടർപട്ടികയെ കുറിച്ചാണ് വോട്ടർമാരോ രാഷ്ട്രീയ കക്ഷികളും പരാതി ഉന്നയിക്കാത്തത്. വോട്ടർപട്ടിക സുതാര്യമാണെന്ന് തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിലപാട് ശരി വയ്ക്കുന്നതാണ് പരാതികൾ ഇല്ലാത്തത്. കഴിഞ്ഞ ജനുവരി ആറിനും ഏഴിനുമായി പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ വോട്ടർപട്ടിക സംബന്ധിച്ചാണ് പരാതികൾ ഉണ്ടെങ്കിൽ അറിയിക്കാൻ രാഷ്ട്രീയ പാർട്ടികൾക്കും വോട്ടർമാർക്കും അവസരം നൽകിയിരുന്നത്. പരാതികൾ അറിയിക്കാൻ സംസ്ഥാനത്ത് വിപുലമായ സൗകര്യങ്ങൾ ആയിരുന്നു മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം ഒരുക്കിയിരുന്നത്. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ നേരിട്ട് വിളിച്ച സംസ്ഥാനതല യോഗത്തിന് പുറമേ,14 ജില്ലകളിലുമായി 28 തവണ ജില്ലാതല യോഗങ്ങളും , റിട്ടേണിംഗ് ഓഫീസർ തലത്തിൽ 196 യോഗങ്ങളും ചേർന്നിരുന്നു. സംസ്ഥാനത്തെ 24668 ബൂത്ത് കളിലും ബൂത്ത് ലെവൽ ഓഫീസർമാരും രാഷ്ട്രീയപാർട്ടികളുടെ ഏജന്റുകളും പങ്കെടുത്തും യോഗം ചേർന്നിരുന്നു. ഇതിലൂടെ വോട്ടർപട്ടികയിലെ സുതാര്യത രാഷ്ട്രീയപാർട്ടികളെയും ബോധ്യപ്പെടുത്താനായത് പരാതികൾ ഇല്ലാതാക്കാൻ സഹായകരമായി. നിലവിൽ കേരളത്തിൽ 27866883 വോട്ടർമാരാണുള്ളത്.

# 1950 ടോൾ ഫ്രീ സേവനം

സംസ്ഥാന ഇലക്ഷൻ വകുപ്പിന്റെ ഏകീകൃത ടോൾ ഫ്രീ നമ്പർ 1950നിലവിൽ വന്നു. കേരള സ്റ്റേറ്റ് ഐ.റ്റി. മിഷന്റെ കീഴിലാണ് കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 1950 എന്ന ടോൾ ഫ്രീ നമ്പർ ഉപയോഗിച്ച് ഇലക്ഷൻ വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ, ലോകസഭ, രാജ്യസഭ,നിയമസഭ തിരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതാണ് .

# തിരഞ്ഞെടുപ്പ് കമ്മീഷന്റെ സംസ്ഥാന ഐക്കൺസ്



നഞ്ചിയമ്മ



ഗോപിനാഥ് മുതുകാട്



സുജാത മോഹൻ



രഞ്ജു രഞ്ജിമാർ



ടോവിനോ തോമസ്

# ദേശീയ വോട്ടർ ദിനത്തോടനുബന്ധിച്ച് നടത്തിയ റീൽ മേക്കിങ് മത്സരത്തിലെ വിജയികൾ




കിരൺ രമേശൻ
കീർത്തന രമേശൻ




അഷ്ടാംഗം ആയുർവേദ
കോളേജ്




രാഹുൽ രാജ് പി വി
& ടീം

## Website

https://www.ceo.kerala.gov.in/

## Instagram :

https://www.instagram.com/ceokeralaoffice?igsh=MWl4cDhzMXJ2bGZkbw%3D%3D&utm_source=qr

## Facebook :

https://www.facebook.com/CEOKeralaOffice

## X :

https://x.com/ceokerala?s=21

## YouTube :

https://youtube.com/@chiefelectoralofficerkerala?si=mMpfFwJVwVNkY6WH

## Linkedin :

https://www.linkedin.com/company/chiefelectoralofficer-kerala/

## Youth Voter Participation and Electoral Awareness Survey

https://docs.google.com/forms/d/e/1FAIpQLScmAgwOPueou79uaKwNYt3S_7DEkx6Bz7SEKNlrudgmTwyNDg/viewform

TOLL FREE NUMBER:1950